jaagrathayude **Keraleeyam**
**Rs. 25/-** 2013 November


കേരളീയം പ്രസിദ്ധീകരിക്കുന്ന ഫ്രഞ്ച് ചിന്തകനായ ആന്ദ്രെ ഗോർസിന്റെ
'ഇക്കോളജി രാഷ്ട്രീയം തന്നെ' (Ecology as Politics) എന്ന പുസ്തകത്തെക്കുറിച്ച് പരിഭാഷകൻ

**കെ. രാമചന്ദ്രൻ**

# വളർച്ചയുടെ പ്രത്യശാസ്ത്രം പൊളിച്ചെഴുതപ്പെടുന്നു

**കേരളത്തിൽ അത്ര പരിചിതനല്ലാതിരുന്ന ഫ്രഞ്ച് ചിന്തകനായ ആന്ദ്രെ ഗോർസിലേക്ക് താങ്കൾ എങ്ങനെയാണ് എത്തിച്ചേർന്ന്? 'പരിസ്ഥിതി രാഷ്ട്രീയം തന്നെ' എന്ന ഈ പുസ്തകം ഏത് കാലത്താണ് വായിക്കുന്നത്?**

പരിസ്ഥിതി സമരങ്ങളും പാരിസ്ഥിതിക സംവാദങ്ങളും ഉയർന്നുവന്ന 80 കളിലാണ് ഞാൻ ആന്ദ്രെ ഗോർസിനെക്കുറിച്ച് ആദ്യം കേൾക്കുന്നത്. പരിസ്ഥിതിയുടെ രാഷ്ട്രീയ വിവക്ഷകളെക്കുറിച്ചുള്ള സംവാദങ്ങൾ സജീവമായി നടന്നിരുന്ന അക്കാലത്ത് പ്രസ്തുത വിഷയത്തിൽ അവഗാഹം നൽകുന്ന പുസ്തകങ്ങൾ ഞങ്ങൾ തേടിപ്പിടിച്ച് വായിക്കുമായിരുന്നു. ആ ചർച്ചകൾക്ക് വലിയ ദിശാബോധം നൽകിയ ഒരെഴുത്തുകാരനായിരുന്നു ഇവാൻ ഇല്ലിച്ച്. ഇല്ലിച്ചിന്റെ 'ഡീ സ്കൂളിംഗ് സൊസൈറ്റി', 'ടൂൾസ് ഓഫ് കൺവൈവിയാലിറ്റി' തുടങ്ങിയ പുസ്തകങ്ങൾ വലിയ ഉൾക്കാഴ്ച്ച ഞങ്ങളുടെ ചർച്ചകൾക്ക് നൽകി. ഇല്ലിച്ചിന്റെ തന്നെ 'ലിമിറ്റ്സ് ടു മെഡിസിൻ' എന്ന പുസ്തകം 'വൈദ്യശാസ്ത്രത്തിന്റെ അതിർവരമ്പുകൾ' എന്ന പേരിൽ പരിഭാഷപ്പെടുത്തുകയും ജനകീയാരോഗ്യ പ്രസ്ഥാനങ്ങൾക്ക് അത് വലിയ മുതൽക്കൂട്ടാവുകയും ചെയ്തു. ഇല്ലിച്ച് വായനകൾക്കിടയിലാണ് ഗോർസിനെക്കുറിച്ച് ആദ്യം കേൾക്കുന്നത്. അദ്ദേഹത്തിന്റെ 'ഇക്കോളജി ഏസ് പൊളിറ്റിക്സ്' തേടിപ്പിടിച്ച് വായിച്ചു. അന്നുമുതൽ പരിഭാഷയും തുടങ്ങി.




**പുസ്തകം മലയാളിത്തിൽ വായിക്കപ്പെടണം എന്ന് തോന്നാൻ കാരണമെന്താണ്?**

പരിസ്ഥിതി പരിസ്ഥിതിക്ക് വേണ്ടി എന്ന നിലപാട് പ്രബലമായിരുന്ന കാലമായിരുന്നു അത്. മനുഷ്യന്റെ പ്രവർത്തനങ്ങളെല്ലാം പരിസ്ഥിതിക്ക് പ്രശ്നമുണ്ടാക്കും എന്നുപറഞ്ഞുകൊണ്ട് മനുഷ്യകേന്ദ്രീകൃതമായ ആലോചനകളെയെല്ലാം ഒഴിവാക്കുന്ന സമീപനം ഒരു വിഭാഗം പരിസ്ഥിതി പ്രവർത്തകർക്കിടയിലുണ്ടായിരുന്നു. മനുഷ്യരായതുകൊണ്ടാണ് നമുക്കിതെല്ലാം ചർച്ച ചെയ്യാൻ കഴിയുന്നത്. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ ഒഴിവാക്കിക്കൊണ്ടുള്ള ആലോചനകൾ അപ്രസക്തമാണ് എന്ന ബോധ്യത്തിൽ നിന്നാണ് ഗോർസിനെപ്പോലെയുള്ളവരുടെ അത്തരം ചിന്തകൾ കേരളത്തിന് പരിചയപ്പെടുത്താൻ ആലോചിക്കുന്നത്. സാമൂഹിക നീതിയെ മുൻനിർത്തി പരിസ്ഥിതിയെ വിശകലനം ചെയ്ത ചിന്തകനാണ് ഗോർസ്. ഇല്ലിച്ചിലും മാർക്സിലും ഒരുപോലെ ഊന്നൽ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഗോർസിനെ തുടർന്ന് പരിസ്ഥിതിയെക്കുറിച്ചുള്ള രാഷ്ട്രീയ ചിന്തകൾ ലോകത്ത് വ്യാപകമായി. ജോൺ ബെല്ലാമി ഫോസ്റ്ററിനെപ്പോലുള്ളവർ അത് കൂടുതൽ വികസിതമാക്കി. എന്നിട്ടും കേരളത്തിൽ അത്തരം സംവാദങ്ങൾ കുറവായിരുന്നതിനാലാണ് 'ഇക്കോളജി ഏസ് പൊളിറ്റിക്സ്' പരിഭാഷപ്പെടുത്താൻ ഉദ്ദേശിച്ചത്.

**തൊണ്ണൂറുകളിൽ പരിഭാഷ പൂർത്തിയാക്കിയെങ്കിലും പല സാങ്കേതിക കാരണങ്ങളാലും പുറത്തിറക്കാൻ കഴിയാതെ പോയ പുസ്തകമാണിത്. ഇന്ന് എന്താണ് ഇതിന്റെ പ്രസക്തി?**

പരിസ്ഥിതി പ്രവർത്തനം രാഷ്ട്രീയ മാനം കൈവരിച്ചെങ്കിലും കേരളത്തിലെ മുഖ്യധാരയുടെ ചിന്തകളിലും പ്രവർത്തികളിലും ആ രാഷ്ട്രീയം ഇനിയും പ്രതിഫലിച്ച് തുടങ്ങിയിട്ടില്ല. ഉപഭോഗത്തിന്റെ തോത് കൂടിവരുകയാണ്. ഉപഭോഗം കൂട്ടിയാൽ കൂടുതൽ സംതൃപ്തിയുണ്ടാകും എന്ന മനഃപൂർവ്വം സൃഷ്ടിക്കപ്പെട്ട മിഥ്യാധാരണയിൽ കേരള സമൂഹവും കുടുങ്ങിക്കിടക്കുകയാണ്. വിഭവങ്ങളുടെ അപര്യപ്തതയെക്കുറിച്ച് മുതലാളിത്തത്തിന് പോലും നല്ല ബോധ്യം വന്നിട്ടും കേവലം ലാഭം ലക്ഷ്യമാക്കിയുള്ള ചൂഷണം അവർ തുടരുകയാണ്. 'വികസനം വേണ്ടേ' എന്ന ചോദ്യം ഇരകളാകുന്നവരെക്കൊണ്ട് പോലും ചോദിപ്പിക്കാൻ അവർക്ക് വിജയകരമായി കഴിയുന്നുണ്ട്. അനിയന്ത്രിതമായ വളർച്ച അസാധ്യമാണെന്നും അത് അനീതിയാണെന്നും ഈ പുസ്തകം അവരെ ഓർമ്മപ്പെടുത്തും.

**നിരവധി ആണവവിരുദ്ധ സമരങ്ങളിൽ നേരിട്ട് പങ്കാളിയായിട്ടുള്ള ആളെന്ന നിലയിൽ ഗോർസിന്റെ ആണവവിരുദ്ധ സങ്കൽപ്പങ്ങളെ എങ്ങനെ വിലയിരുത്തുന്നു?**

അണുവൈദ്യുതിയിൽ നിന്നും വൈദ്യുതി ഫാസിസത്തിലേക്ക് എന്നാണ് ഈ പുസ്തകത്തിലെ ഒരദ്ധ്യായത്തിന്റെ പേര്. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനല്ല, അധികാര കേന്ദ്രീകരണത്തിനായാണ് ആണവനിലയങ്ങൾ നിർമ്മിക്കപ്പെടുന്നത് എന്നതായിരുന്നു ഗോർസിന്റെ പക്ഷം. ഭരണകൂട നിയന്ത്രണത്തിലൂടെ ഊർജ്ജോത്പാദന മേഖലയെ ഏകാധിപത്യത്തിലേക്ക് കൊണ്ടുവരുക എന്നതാണ് ആണവോർജ്ജത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന് ഗോർസ് സമർത്ഥിക്കുന്നുണ്ട്. പത്രമുടമ ആണവനിലയത്തിന് അനുകൂലമായതിനാൽ ഒരു ഫ്രഞ്ച് പത്രത്തിൽ നിന്നും രാജിവച്ചയാളാണ് ആന്ദ്രെ ഗോർസ്.

**കേരളം എങ്ങനെയാണ് ഈ പുസ്തകം വായിക്കേണ്ടത്?**

പരിസ്ഥിതി പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഒട്ടനവധി ജനകീയ സമരങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. ആ സമരങ്ങൾ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയം തന്നെയാണ് ഈ പുസ്തകവും പറയുന്നത്. മുതലാളിത്തം സ്വീകാര്യമായ വ്യവസ്ഥയല്ലെന്ന് പറയുന്ന സമരങ്ങളോട് ബദൽ സാധ്യതകൾ ഈ പുസ്തകം സംസാരിക്കുന്നു. കേന്ദ്രീകൃതമായ അധികാര ഘടനയിൽ നിന്നും പരിഹാരങ്ങൾ പ്രതീക്ഷിക്കേണ്ടതില്ലെന്നും ജനങ്ങളുടെ മുൻകൈകളാണുണ്ടാകേണ്ടതെന്നും ഗോർസ് അനുഭവ പശ്ചാത്തലത്തിൽ നിന്നും വിവരിക്കുന്നു. കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കിയാണ് ചില കാര്യങ്ങൾ ഗോർസ് എഴുതിയതെന്നുപോലും തോന്നും. അത്രയ്ക്ക് ദീർഘവീക്ഷണത്തോടെ, ആർക്കും മനസ്സിലാകും വിധം ആശയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തകർക്കിടയിൽ മാത്രം വായിക്കപ്പെടേണ്ട പുസ്തകമല്ല ഇത്. എല്ലാ വിഭാഗം ജനങ്ങളോടുമാണ്, ഗോർസ് സാമാന്യ ഭാഷയിൽ സംസാരിച്ചിരിക്കുന്നത്. അവരിലേക്കെല്ലാം പുസ്തകം എത്തണം.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com